പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1238 | 30.01.2018 ൽ മറുപടിക്ക്

## ഹൈസ്പീഡ് റെയിൽവേ കോറിഡോർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുവാൻ പാലക്കാട്, തിരുവനന്തപുരം റെയിൽവേ ഡിവിഷനുകൾ ചേർത്ത് എറണാകുളം ആസ്ഥാനമാക്കി പുതിയ റെയിൽവേ സോൺ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയും ബഹു. പൊതുമരാമത്ത് മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്ന താണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) റെയിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് കോർപ്പറേഷൻ ഇപ്പോൾ നേതൃത്വം നൽകുന്നതെന്ന് വിശദമാക്കാമോ; | (ബി) ഉണ്ട്. സംസ്ഥാനത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 51:49 എന്ന ഓഹരി അനുപാതത്തിൽ ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കുന്നതിനുള്ള കരാർ 2016 സെപ്റ്റംബർ ഒന്നിന് ഡെൽഹിയിൽ വച്ച് ഒപ്പു വയ്ക്കുകയും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ 2017 ജനുവരി 3-ാം തീയതി കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സംയുക്ത സംരംഭക കമ്പനിയുടെ പ്രാരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതിക ളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂല ധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാ |

ണ്. സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ 3 ഉം 4 ഉം ലൈനുകൾ
3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
4. എരുമേലി- പുനലൂർ ബ്രോഡ് ഗേജ് പാത
5. ഏറ്റുമാനൂർ - പാല - ശബരി ലിങ്ക് ലൈൻ
6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ
7. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

(സി) തലശ്ശേരി -മൈസൂർ, നിലമ്പൂർ - നഞ്ചൻകോട് - മൈസൂർ, അങ്കമാലി-ശബരി, ഗുരുവായൂർ- തിരുനാവായ ഉടങ്ങിയ അതിവേഗ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

(സി) തലശ്ശേരി -- മൈസൂർ പാതയെപറ്റിയുള്ള സാധ്യതാ പഠനം നടത്തുവാൻ കൊങ്കൺ റെയിൽ കോർപ്പറേഷനെ കെ.ആർ.ഡി.സി.എൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരിക്കും പെരിയപട്ടണത്തിനുമിടയിലുള്ള 180.5 കി. മീ. ദൂരമുള്ള റെയിൽവേ ലൈൻ 5000.03 കോടി രൂപ ചിലവിൽ നിർമ്മിക്കുവാനുള്ള സാധ്യതാപഠന റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേ ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദിഷ്ട റെയിൽവേ ലൈൻ സതേൺ റെയിൽവെയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വർക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള മൈസൂർ - മടിക്കേരി ലൈനുമായി ബന്ധിപ്പിക്കും. ഈ റെയിൽവേ ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനവും ഇന്ധന ലാഭവും പദ്ധതി വഴി സാദ്ധ്യമാകും.

നിലമ്പൂർ- നഞ്ചൻഗോഡ് റെയിൽവേ ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് 17.03.2017 ന് കർണ്ണാടക അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (അടിസ്ഥാന സൗകര്യ വികസന വകുപ്പ്) അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ് പ്രകാരം നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ തടസ്സങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതി ലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

അങ്കമാലി- ശബരി റെയിൽപാത ബഹു. പ്രധാനമന്ത്രിയുടെ പ്രത്യേക താൽപര്യ പ്രകാരം പ്രധാന മന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 100% കേന്ദ്രഫണ്ടോടെയുള്ള പൂർത്തീകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. 24.08.2017 ൽ ബഹു. മുഖ്യമന്ത്രി 1282/17/ സി എം നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിയോട് ഇക്കാര്യം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ റെയിൽ പാതയുടെ സർവ്വേയുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ പോലീസ് സംരക്ഷണം നൽകണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചതിൻ പ്രകാരം മതിയായ പോലീസ് സംരക്ഷണം നൽകുന്നതിന് പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുരുവായൂർ - തിരുനാവായ റെയിൽ പാത സംബന്ധിച്ച് 27.10.2014 ൽ മുൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റിനെ സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിരിക്കുന്നതിനാൽ റെയിൽവേയോട് തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) നേമത്തെ സാറ്റ്ലൈറ്റ് സ്റ്റേഷൻ പരമാവധി ഉപയോഗപ്പെടുത്തി നിലവിൽ കൊച്ചുവേളിയിൽ നിന്നും പുറപ്പെടുന്ന ട്രെയിനുകൾ നേമത്ത് നിന്നും തുടങ്ങി തിരുവനന്തപുരം സ്റ്റേഷൻ വഴി കടന്നുപോകുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് റെയിൽവേയുമായി ധാരണ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കാമോ? | (ഡി) ഇക്കാര്യം കേന്ദ്രസർക്കാർ യോജിക്കുന്നില്ല. 17.01.18 ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയൂഷ് ഗോയലുമായി നടത്തിയ ചർച്ചയിൽ വ്യക്തമാക്കി. പകരം കൊച്ചുവേളിയിൽ സ്ഥലം നൽകിയാൽ അവിടെ ടെർമിനൽ ആകാമെന്നു സമ്മതിച്ചു. തിരുവനന്തപുരത്ത് പാളങ്ങൾ ആവശ്യത്തിന് ലഭ്യമല്ലാത്തതിനാൽ പുതിയ ട്രെയിനുകൾ അനുവദിക്കാനാവില്ല എന്നാണ് കേന്ദ്ര നിലപാട്. സംസ്ഥാനം ഇത് പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടു. |

സെക്ഷൻ ഓഫീസർ